റമദാനിന് തൊട്ടുമുൻപുള്ള ദിവസമോ രണ്ട് ദിവസങ്ങൾക്ക്
മുൻപോ നിങ്ങൾ നോമ്പെടുത്തു തുടങ്ങരുത്; എന്നാൽ ഒരാൾ
(സ്ഥിരമായി ഏതെങ്കിലും) നോമ്പ്
എടുക്കാറുണ്ടായിരുന്നെങ്കിൽ അവനത് നോറ്റുകൊള്ളട്ടെ
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: "റമദാനിന് തൊട്ടുമുൻപുള്ള
ദിവസമോ രണ്ട് ദിവസങ്ങൾക്ക് മുൻപോ നിങ്ങൾ നോമ്പെടുത്തു തുടങ്ങരുത്; എന്നാൽ ഒരാൾ
(സ്ഥിരമായി ഏതെങ്കിലും) നോമ്പ് എടുക്കാറുണ്ടായിരുന്നെങ്കിൽ അവനത്
നോറ്റുകൊള്ളട്ടെ."
[صحيح] [متفق عليه]
റമദാനിന് തൊട്ടുമുൻപുള്ള ഒരു ദിവസമോ രണ്ട് ദിവസങ്ങളോ നോമ്പെടുക്കുന്നത് നബി (صلى الله عليه وسلم(
വിലക്കിയിരിക്കുന്നു; ഈ ദിവസങ്ങൾ റമദാൻ മാസത്തിൽ ഉൾപ്പെട്ടതാണെങ്കിൽ എനിക്കത്
ലഭിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ അപ്രകാരം ചെയ്യരുത്. കാരണം റമദാനിലെ നോമ്പ്
മാസപ്പിറവി കാണുക എന്നതുമായാണ് ബന്ധപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഈ വിഷയത്തിൽ
അതിരുകവിഞ്ഞ 'സൂക്ഷ്മത'യുടെ ആവശ്യമില്ല. എന്നാൽ ഒരാൾ സാധാരണയായി നോമ്പെടുക്കാറുള്ള
ഒരു സാഹചര്യം ഈ ദിവസത്തിനോട് സ്വാഭാവികമായി ഒത്തുവന്നാൽ അന്നേ ദിവസം
നോമ്പെടുക്കുന്നതിൽ തെറ്റില്ല. ഉദാഹരണത്തിന് ഒരു ദിവസം നോമ്പെടുക്കുകയും
തൊട്ടടുത്ത ദിവസം നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയുടെ കാര്യം. അല്ലെങ്കിൽ
തിങ്കളാഴ്ച്ചയും വ്യാഴാഴ്ച്ചയും സ്ഥിരമായി നോമ്പെടുക്കാറുള്ള ഒരാൾക്ക് ആ ദിവസം
റമദാനിൻ്റെ തൊട്ടുമുൻപായി ചേർന്നു വരികയും അക്കാരണത്താൽ അയാൾ അന്ന് നോമ്പ്
എടുക്കുകയും ചെയ്താൽ ഹദീഥിൽ പറഞ്ഞ വിലക്കിന്റെ പരിധിയിൽ അത് വരികയില്ല. നിർബന്ധമായും
നോറ്റുവീട്ടാനുണ്ടായിരുന്ന ഖദാഇൻ്റെ നോമ്പും, നേർച്ചയുടെ നോമ്പും ഈ പറഞ്ഞതു
പോലെത്തന്നെ; അതും നോൽക്കുന്നതിൽ തെറ്റില്ല.
https://sunnah.global/hadeeth/ml/show/4508